# പതിമൂന്നാം കേരള നിയമസഭ
# പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 786 11/06/2014 ൽ മറുപടിയ്ക്ക്

## ജലസ്രോതസ്സുകളുടെ സംരക്ഷണത്തിന് പദ്ധതി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.കെ.മുരളീധരൻ<br>ശ്രീ.ആർ.സെൽവരാജ്<br>ശ്രീ.ബെന്നി ബെഹനാൻ<br>ശ്രീ.എ.പി.അബ്ദുള്ളക്കുട്ടി | ശ്രീ.പി.ജെ.ജോസഫ് (ജലവിഭവവകുപ്പ് മന്ത്രി) |
| (എ) ജലസ്രോതസ്സുകളുടെ സംരക്ഷണത്തിന് പദ്ധതി രൂപീകരിക്കാനുദ്ദേശിക്കുന്നുണ്ടോ ; വിശദമാക്കുമോ ; | (എ) ജലസ്രോതസ്സുകളുടെ സംരക്ഷണവും സുരക്ഷയും ലക്ഷ്യമിട്ടാണ് ജലസേചനവകുപ്പ് പദ്ധതികൾ തയ്യാറാക്കി നടപ്പിലാക്കുന്നത്. 13-ാം ധനകാര്യ കമ്മീഷൻ, നബാർഡ്, ഒരു പഞ്ചായത്തിൽ ഒരു കുളം പദ്ധതി, സംസ്ഥാന ബഡ്ജറ്റ് വിഹിതത്തിൽപ്പെടുത്തിയുള്ള പദ്ധതികൾ എന്നിവ നടപ്പിലാക്കി വരുന്നു. പാലക്കാട് ജില്ലയിലെ കൃഷിയിടങ്ങളിലെ ജലലഭ്യതയുള്ള കുളങ്ങളെ തമ്മിൽ ബന്ധിപ്പിക്കുന്നതിനുള്ള സാധ്യത ആരാഞ്ഞുവരുന്നു.<br><br>ഭൂജലസ്രോതസ്സിന്റെ പരിപോഷണത്തിനായി ഭൂജല സംരക്ഷണവും കൃത്രിമ ഭൂജലസംപോഷണവും എന്ന പദ്ധതി നടപ്പാക്കി വരുന്നുണ്ട്.<br><br>കേരള വാട്ടർഅതോറിറ്റിയുടെ കീഴിലുള്ള ശുദ്ധജലവിതരണ പദ്ധതികൾ പ്രധാനമായും പുഴകളേയും തടാകങ്ങളേയും ആശ്രയിച്ചാണ് നിലകൊള്ളുന്നത്. വാട്ടർ അതോറിറ്റിയുടെ കുടിവെള്ള സ്രോതസ്സുകൾക്ക് സമീപം പരസ്യ ബോർഡുകൾ സ്ഥാപിച്ചും പത്രമാദ്ധ്യമങ്ങളിലൂടെ പരസ്യം നൽകിയും മലിനീകരണങ്ങൾ തടയുവാനും കയ്യേറ്റങ്ങൾ ഉണ്ടാകാതെയും സംരക്ഷിക്കുന്നുണ്ട്. ഇതു കൂടാതെ കുടിവെള്ള സ്രോതസ്സുകളായ നദികളും നദീ തീരങ്ങളും മലിനമാക്കുന്നത് ശ്രദ്ധയിൽപ്പെട്ടാൽ ബന്ധപ്പെട്ട ജില്ലാ ഭരണകൂടവും (District administration) അതാത് പ്രദേശങ്ങളിലെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുമായി സഹകരിച്ച് നടപടികൾ സ്വീകരിക്കാറുണ്ട്. |
| (ബി) ഇതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമാണ് ; വിശദാംശങ്ങൾ എന്തെല്ലാം ; | (ബി) ജലസമ്പത്ത് സംരക്ഷിച്ച് സുസ്ഥിര ജലലഭ്യത ഉറപ്പാക്കുന്നതിന്റെ ഭാഗമായി നീർത്തടാടിസ്ഥാനത്തിൽ ജല സംഭരണ-സംരക്ഷണ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുക, ജല സംരക്ഷയും ജലഗുണനിലവാരവും ഉറപ്പാക്കുക, ഭൂഗർഭജല പരിപോഷണം മെച്ചപ്പെടുത്തുക എന്നിവയ്ക്കു പുറമേ പൊതു ജലസേചന സൗകര്യം വർദ്ധിപ്പിക്കുക എന്നതും ലക്ഷ്യമാണ്. |

| | |
|---|---|
| | സംസ്ഥാനത്ത് ഭൂജല പരിപോഷണത്തിനായി ഭൂജല സംരക്ഷണവും ഭൂജല സംപോഷണവും എന്ന പദ്ധതിയിൻ കീഴിൽ ചെറിയ തടയണകൾ, വി.സി.ബി – കൾ (Ventilation Cross Bar), ചെറിയ കിടങ്ങുകൾ, സബ്സർഫസ് ഡാമുകൾ എന്നിവയുടെ നിർമ്മാണവും തുറന്ന കിണറുകൾ വഴിയുള്ള കൃത്രിമ ഭൂജല സംപോഷണവും നടപ്പിലാക്കി വരുന്നു. ഈ സാമ്പത്തിക വർഷം 70 ലക്ഷം രൂപ ഇതിനായി വകയിരുത്തിയിട്ടുണ്ട്. |
| (സി) ആരെല്ലാമാണ് പ്രസ്തുത പദ്ധതികളുമായി സഹകരിക്കുന്നത്; വിശദമാക്കുമോ ; | (സി) നബാർഡ്, 13-ാം ധനകാര്യ കമ്മീഷൻ, സംസ്ഥാന ബഡ്ജറ്റ് വിഹിതം എന്നിവയാണ് മുഖ്യധനസ്രോതസ്സുകൾ. CWRDM കോഴിക്കോട്, സംസ്ഥാന പരിസ്ഥിതി-കാലാവസ്ഥ വ്യതിയാനവകുപ്പ്, സംസ്ഥാന തണ്ണീർത്തട ടെക്നിക്കൽ യൂണിറ്റ് എന്നിവ വിവിധതലങ്ങളിൽ സഹകരിക്കുന്നു. ഭൂജല വകുപ്പിന്റെ കീഴിൽ ഭൂജല സംരക്ഷണത്തിനും പരിപോഷണത്തിനുമുള്ള പദ്ധതികൾ നടപ്പിലാക്കുന്നു. |
| (ഡി) വരൾച്ച പ്രതിരോധിക്കുന്നതിന് എന്തെല്ലാം കാര്യങ്ങളാണ് ഇതിൽ ഉൾപ്പെടുത്തിയിരിക്കുന്നത്; വിശദാംശങ്ങൾ എന്തെല്ലാം ? | (ഡി) വരൾച്ചയെ പ്രതിരോധിക്കുക എന്ന ലക്ഷ്യത്തോടൊപ്പം സുസ്ഥിര ജല സുരക്ഷ ഉറപ്പാക്കുക എന്ന മുഖ്യലക്ഷ്യത്തോടു കൂടിയാണ് പദ്ധതികൾ ആസൂത്രണം ചെയ്തിരിക്കുന്നത്. കുളങ്ങളുടെ സ്ഥിതി വിവരക്കണക്ക് (ജില്ല തിരിച്ച്) തയ്യാറാക്കി സാമ്പത്തിക ലഭ്യത അനുസരിച്ച് കുളങ്ങളുടെ പുന:രുദ്ധാരണ പ്രവൃത്തികൾ ഏറ്റെടുത്തിട്ടുണ്ട്. കൂടാതെ, നദികളുടെ നീരൊഴുക്ക് സുസ്ഥിരമാക്കി, ഭൂഗർഭ ജലവിതാനം നിലനിർത്തുന്നതിനായുള്ള തടയണകളുടെ നിർമ്മാണത്തിനുള്ള പദ്ധതി തയ്യാറാക്കിയിട്ടുണ്ട്. ഓരുജല പ്രതിരോധ നിർമ്മിതികളും നിർമ്മിച്ചുവരുന്നു.<br><br>ഭൂജല സ്രോതസ്സിന്റെ പരിപോഷണത്തിനായി കൃത്രിമ ഭൂജല സംപോഷണ പദ്ധതികൾ നടപ്പിലാക്കുക വഴി ഭൂജല വിതാനത്തിൽ ഗണ്യമായ ഉയർച്ച ഉണ്ടാകുന്നു. ഇത് വഴി വരൾച്ചകാലങ്ങളിലും കുളങ്ങളിലെയും കിണറുകളിലെയും ജലവിതാനം നിലനിർത്താൻ സാധിക്കുന്നു.<br><br>ജലസ്രോതസ്സുകളിലെ ജലവിതാനം കുറയുന്നതു തടയുന്നതിന് വേണ്ടി കേരള വാട്ടർ അതോറിറ്റിയുടെ വിവിധ ജലവിതരണ പദ്ധതി പ്രദേശങ്ങളുടെ സ്രോതസ്സുകളിൽ ജലവിഗാനം ഉയർത്തുന്നതിന് വേണ്ടി തടയണ നിർമ്മാണം, സ്രോതസ്സുകളിലെ ചെളി, മണ്ണ് എന്നിവ നീക്കം ചെയ്യൽ, ഇൻഫിൽട്രേഷൻ ഗാലറി ശുദ്ധീകരണം എന്നീ പ്രവൃത്തികൾ വരൾച്ചാ ദുരിതാശ്വാസ പ്രവൃത്തികളിൽ ഉൾപ്പെടുത്തി ചെയ്തുവരുന്നു. |

സെക്ഷൻ ഓഫീസർ

പതിമൂന്നാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം.787 11-06-2014 - ൽ മറുപടിയ്ക്ക്

## ജലസ്രോതസ്സുകളുടെ സംരക്ഷണം

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി | ശ്രീ. പി.ജെ.ജോസഫ്<br>(ജലവിഭവ വകുപ്പ് മന്ത്രി) |
| (എ) കുടിവെള്ളത്തിന്റെ ലഭ്യത ഉറപ്പു വരുത്തുന്നതിനും, കുടിവെള്ള സ്രോതസ്സുകൾ മലിനപ്പെടുത്തുന്നത് തടയുന്നതിനും എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് എന്നും ഇനി എന്തെല്ലാം പദ്ധതികൾ ലക്ഷ്യം വയ്ക്കുന്നു എന്നും വിശദമാക്കുമോ ; | (എ) കുടിവെള്ളത്തിന്റെ ലഭ്യത ഉറപ്പു വരുത്തുന്നതിന് കുളങ്ങൾ, കായലുകൾ, നദികൾ എന്നീ പ്രധാന ജലസ്രോതസ്സുകളുടെ സംരക്ഷണ-പുന:രുദ്ധാരണ പ്രവൃത്തികൾ ഏറ്റെടുത്തു നടപ്പിലാക്കിവരുന്നു. കുളങ്ങളുടെ സംഭരണശേഷി വർദ്ധിപ്പിച്ച് പ്രദേശിക ജല ലഭ്യത ഉറപ്പുവരുത്തുന്നതിന് മുൻഗണന നല്കുന്നു. നദീജലം സ്രോതസ്സായി ഉപയോഗിക്കുന്ന കുടിവെള്ള പദ്ധതികൾക്ക് ജല ലഭ്യത ഉറപ്പാക്കുന്നതിനും, ഓരു ജലം കയറി കുടിവെള്ള പദ്ധതികളുടെ പമ്പിംഗ് ബുദ്ധിമുട്ടിലാകുന്നത് ഒഴിവാക്കാനുമായി നദികൾക്ക് കുറുകെ തടയണകൾ നിർമ്മിച്ചുവരുന്നു. കുടിവെള്ള ജലസ്രോതസ്സുകൾ മലിനമാകാതിരിക്കാൻ വർദ്ധിച്ചതോതിലുള്ള ബോധവത്കരണ പ്രവർത്തനങ്ങൾ ആവശ്യമാണ്, ഇക്കാര്യം പ്രാദേശിക തലത്തിൽ ഫലപ്രദമായി നടപ്പിലാക്കാൻ കഴിയും. കേരള ജലസേചന-ജലസംരക്ഷണ ആക്ട്, ഭേദഗതിയിലൂടെ രൂപം കൊടുക്കാനുദ്ദേശിക്കുന്ന നദീ-തണ്ണീർത്തട അതോറിറ്റിയുടെ ചുമതലകളിൽ ജലസ്രോതസ്സുകളിലെ മലിനീകരണം തടയുന്നതിനുള്ള ചുമതല കൂടിയുണ്ട്. |
| (ബി) കുളങ്ങൾ, തണ്ണീർത്തടങ്ങൾ എന്നിവയുടെ സംരക്ഷണത്തിന് എന്തെല്ലാം പദ്ധതികൾ ആവിഷ്കരിക്കുവാൻ ഉദ്ദേശിക്കുന്നു; വ്യക്തമാക്കുമോ ; | (ബി) കുളങ്ങളുടെ സംരക്ഷണത്തിന് കേന്ദ്ര പദ്ധതിയായ RRR of Ponds പദ്ധതിയുടെ രൂപരേഖ പ്രകാരം പദ്ധതി രേഖ തയ്യാറാക്കി സമർപ്പിക്കാൻ ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് നിർദ്ദേശം നല്കിയിട്ടുണ്ട്. കായലുകളുടെ സുസ്ഥിര വികസനം ലക്ഷ്യമിട്ട് CWRDM - കോഴിക്കോട്, NCESS - തിരുവനന്തപുരം എന്നീ ഗവേഷണ സ്ഥാപനങ്ങൾ മാനേജ്മെന്റ് ആക്ഷൻപ്ലാൻ തയ്യാറാക്കിവരുന്നു. |

(സി) നദികളുടെ മലിനീകരണം തടയാൻ നദീതട അതോറിറ്റികൾ രൂപീകരിക്കുന്നതിന് നടപടി സ്വീകരിക്കുമോ ?

(സി) സംസ്ഥാനത്തെ നദികളുടെയും തണ്ണീർത്തടങ്ങളുടെയും സംരക്ഷണം ലക്ഷ്യമിട്ട് 'നദീ-തണ്ണീർത്തട അതോറിറ്റി' രൂപീകരിക്കുന്നതിന് കേരള ഇറിഗേഷൻ & വാട്ടർ കൺസർവേഷൻ (ഭേദഗതി) ബില്ലിൽ വ്യവസ്ഥയുണ്ട്. നദികളിലെ മലിനീകരണം തടയുന്നതിനുള്ള വകുപ്പുകൾ പ്രസ്തുത ബില്ലിൽ ഉൾകൊള്ളിച്ചിട്ടുണ്ട്. ബില്ലിന് നിയമപ്രാബല്യം കൈവന്നാൽ 'നദീതട അതോറിറ്റികൾ' രൂപീകരിക്കാൻ കഴിയും.

**സെക്ഷൻ ഓഫീസർ.**